CFD SCHOOL
Mathur.
Excel through knowledge.

## സി.എഫ്.ഡി.എച്ച്.എസ്.എസ് മാത്തൂർ
## ലിറ്റിൽ കൈറ്റ്സ്
## ഡിജിറ്റൽ മാഗസീൻ

# മന്ദാരം

# സന്ദേശം

വിദ്യാലയത്തിലെ ഐ.ടി കൂട്ടായ്മയായ ലിറ്റിൽ കൈറ്റ്സ് വളരെ നല്ല രീതിയിൽ പ്രവർത്തിച്ചു വരുന്നു. ഈ യൂണിറ്റിലെ അംഗങ്ങൾ തയ്യാറാക്കിയ ഇ-മാഗസിൻ "മന്ദാരം" വളരെ നല്ല നിലവാരം പുലർത്തുന്നു ക്ലബ്ബ് അംഗങ്ങൾക്കും അവരെ സഹായിക്കുന്ന അദ്ധ്യാപക ർക്കും എല്ലാവിധ ആശംസയും നേരുന്നു.

**ലീന. ജി**

**പ്രധാനാധ്യാപിക**

**സി.എഫ്.ഡി.എച്ച്.എസ്.എസ്**

**മാത്തൂർ**



<u>മഴ</u>

വെയിൽ മായുന്നു മഴ ചാറുന്നു
ആകാശമാകെ കരിനിറം പടരുന്നു
പൊൻവെയിൽ നാളങ്ങൾ അസ്തമിക്കുമ്പോൾ
കുളിരായ് മഴ പെയ്തിറങ്ങുന്നു
ഇലകളിൽ ചെടികളിൽ നൂറുനൂറായിരം
 പളുങ്കിൻ മുത്തുകൾ

ആറ്റിൻ കരയ്ക്കടുത്തുള്ളൊരാമാവിൽനിന്നി-
റ്റിറ്റു വീഴുന്നു കുളിർമഴത്തുള്ളികൾ
പുതുമണ്ണിൻ ഗന്ധവുമായ്
മാനുഷരേ പുണരാനെത്തുന്ന മഴയേ
നീ സൗഭാഗ്യമായിമാറുന്നു........

ആഭേരി.വി.വി

# എന്താണ് മുഖംമൂടികൾ.........?



യാഥാർത്ഥ്യത്തെ മറച്ചു പിടിക്കുന്ന ഒന്നാണ് മുഖംമൂടി .മനുഷ്യരിലും ചില മുഖംമൂടികൾ ഉണ്ടാവാം, അഥവാ ഉണ്ട് , അത് ഒരു സത്യമാണ് .അങ്ങനെ യാഥാർത്ഥ്യത്തെ മറച്ചു പിടിച്ച് കബടം സൃഷ്ടിക്കുമ്പോഴാണ് ചതിയും,വഞ്ചനയും ഉണ്ടാവുന്നത് എന്നതും ഒരു സത്യമാണ്.സത്യത്തെ മറയ്ക്കുന്നതു കൊണ്ട് തെറ്റിദ്ധാരണയല്ലാതെ മറ്റൊരു നേട്ടവും ഉണ്ടാവുന്നില്ല.ഇത്തരത്തിലുള്ള മുഖംമൂടികളെ തിരിച്ചറിയേണ്ടത് അനിവാര്യമല്ലേ.......? നമുക്കു ചുറ്റും മുഖംമൂടികളേറെയുണ്ട് .എന്നാൽ പലപ്പോഴും നാം അത് മനസ്സിലാക്കുന്നില്ല.നമുക്കു ചുറ്റും മുഖംമൂടികളുണ്ടോ എന്ന് വീക്ഷിച്ച് മുന്നോട്ടുപോവുകയും ഒപ്പം നാം ഒരു മുഖംമൂടിയായി മാറാതിരിക്കുകയും വേണം.മറ്റുള്ളവരുടെ മുഖംമൂടി വലിച്ചുകീറപ്പെടുമ്പോഴെങ്കിലും തിരിച്ചറിയുക 'മുഖംമൂടി കെട്ടി കെണിയൊരുക്കുന്നവർ നമുക്കു ചുറ്റും ഉണ്ട്.' മുഖംമൂടികളെ സമൂഹത്തിനുമുന്നിൽ ചൂണ്ടിക്കാണിക്കുന്നതിലൂടെ മറ്റുള്ളവരുടെ തെറ്റുകളും

തെറ്റിദ്ധാരണകളും തിരുത്തൽ കൂടിയാണ് നാം ചെയ്യുന്നത്.

നാസിയ

## *<u>പ്രകൃതി പ്രതികരിക്കുന്നു</u>*

പ്രളയം,വരൾച്ച,സുനാമി,കൊടുംകാറ്റ് ഇവയെല്ലാം പല സമയങ്ങളിലായി നാം കണ്ടുകൊണ്ടിരിക്കുന്നു നമ്മളിൽ ചിലർ അനുഭവിച്ചുകൊണ്ടിരിക്കുന്നു.ഇത് പ്രകൃതിയുടെ പ്രതികരണമാണോ?അങ്ങനെയാണെങ്കിൽ പ്രകൃതി ചില സമയങ്ങളിൽ എന്തിന് ഉഗ്രരൂപിണിയാകുന്നു?ആരാണ് ഈ മാറ്റത്തിന് ഉത്തരവാദി?നമ്മൾ തന്നെയാണ് ഇതിനുത്തരവാദി.നമ്മളാണ് പ്രകൃതിയെ പല വിധമായി നോവിക്കുന്നത്.നാം പ്രകൃതിക്കെതിരെ പ്രവർത്തിക്കുമ്പോൾ പ്രകൃതി നമ്മെ തിരിച്ചടിച്ചുകൊണ്ട് പ്രതികരിക്കുന്നു.മനുഷ്യജീവൻ നിലനിർത്താനായി പ്രകൃതിയിൽ ചില സ്രോതസ്സുകൾ ഉണ്ട്.അവയെ യാതൊരു ഭാവിഭവിഷത്തിനെപ്പറ്റിയും ചിന്തിക്കാതെ നശിപ്പിക്കുന്നത് നമ്മൾ ആണ്.ഇത്തരത്തിൽ പ്രകൃതിയുടെ ജീവസ്സും ഓജസ്സുമായ സ്രോതസ്സുകളെ നിരന്തരമായി ഇല്ലാതാക്കാൻ ശ്രമിക്കുമ്പോഴാണ് പ്രകൃതി ഉഗ്രരൂപിണിയുടെ വേഷത്തിൽ നമ്മോട് അതിഭയാനകമായ രീതിയിൽ അങ്ങേയറ്റം ക്രോധത്തോടെ പ്രതികരിക്കുന്നത്.ഇങ്ങനെ സ്വയം

വരുത്തിവച്ചവിനയ്ക്ക് പ്രകൃതിയെ പഴിച്ചിട്ടെന്താണ് പ്രയോജനം?




പ്രകൃതിയ്ക്ക് അസഹനീയമായ രീതിയിൽ നമ്മൾ പ്രവർത്തിക്കുമ്പോൾ പ്രകൃതി പ്രളയത്തിന്റെയും മറ്റും രൂപത്തിൽ പ്രതികരിച്ചു തുടങ്ങുന്നു.അതുകൊണ്ട് ഇവയെ പ്രകൃതി ദുരന്തങ്ങൾ എന്നതിനേക്കാൾ പ്രകൃതിയുടെ പ്രതികരണങ്ങൾ എന്ന് പറയുന്നതാവും കൂടുതൽ അനുയോജ്യം...

.....മനീഷ......

# പരിസ്ഥിതിസംരക്ഷണം

പ്രകൃതി എന്നത് നമ്മുടെ ജീവൻ തന്നെയാണ്. വൈവിദ്യ സസ്യജന്തുജാലങ്ങൾ അടങ്ങിയ നമ്മുടെ പ്രകൃതിയെ വേണ്ടവിധം നമ്മൾ സംരക്ഷിച്ചില്ലെല്ലങ്കിൽ , അത് ഭൂമിയുടേയും മനുഷ്യന്റേയും മറ്റു ജീവജാലങ്ങളുടേയും നിലനിൽപിനു തന്നെ ബീഷണിയാകും. പ്രകൃതിയെ സംരക്ഷിക്കേണ്ടത് നമ്മുടെ കടമയാണെന്ന് ഓരോരുത്തരും ചിന്തിക്കുകയും പ്രവർത്തിക്കുകയും ആണെങ്കിൽ നമുക്ക് നമ്മുടെ പ്രകൃതിയെ സംരക്ഷിക്കാനാകും. വനത്തിനെ നശിപ്പിക്കുന്നതിനു പകരം അത് സംരക്ഷിക്കാൻ പഠിക്കുന്നതാണ് നമ്മുടെ ലോകത്തിന് ചെയ്തു കൊടുക്കാൻ പറ്റിയ ഏറ്റവും വലിയ നന്മ . എല്ലാ മനുഷ്യർക്കും ഒരുപോലെ ഈ പ്രകൃതിയിൽ ജീവിക്കാനുള്ള അവകാശവുണ്ട് . മനുഷ്യർക്കു മാത്രമല്ല പ്രകൃതിയിലെ മറ്റു ജീവജാലങ്ങൾക്കും അതിന്റേതായ അവകാശങ്ങളുണ്ട് . മനുഷ്യർക്ക് മറ്റു ജീവജാലങ്ങളില്ലാതെ ജീവിക്കാൻ സാധ്യമല്ല . എന്നാൽ തിരിച്ചു ചിന്തിച്ചാലൊ, മനുഷ്യരില്ലാതെ പ്രകൃതി നിലനിൽക്കുമോ?? തീർച്ചയായും നിലനിൽക്കും.
ഇതൊന്നും മനസ്സിലാക്കാതെ ച്ലർ മാത്രം നമ്മുടെ ഭൂമിയെ നഷിപ്പിക്കുന്നതിനുള്ള ദോഷമാണ് നാം എല്ലാവരും അനുഭവിക്കുന്നത് . രോഗങ്ങൾ കൂടി വരുന്നതിനുള്ള

പ്രധാന കാരണം മലിനജലവും, ശുദ്ധവായുവിന്റെ

ലഭ്യതക്കുറവുമാണ് . പ്ലാസ്റ്റിക്ക് കവറുകൾ അനാവിശ്യമായി

വലിച്ചെറിഞ്ഞും, വനം നികത്തി ഫ്ലാറ്റുകൾ പണിഞ്ഞും,

പുഴകൾ  കയ്യേറിയും നമ്മൾ പ്രകൃതിയെ വേദനിപ്പിച്ചതുപോലെ

.,പ്രകൃതി പ്രളയവും,മഹാരോഗങ്ങളും തന്ന് നമ്മളേയും

വേദനിപ്പിക്കും.. അതുകൊണ്ട് ഇനിയെങ്കിലും നമ്മുടെ ആവശ്യങ്ങൾ

ക്കു വേണ്ടി പ്രകൃതിയെ ദ്രോഹിക്കുന്നത്

നിർത്തണം. ചെടികൾ നട്ടുവളർത്തി പ്രകൃതിയെ സ്നേഹിക്കുകയും

സംരക്ഷിക്കുകയും ചെയ്യാം. ഒത്തൊരുമിച്ച് ഭൂമിയുടെ


സംരക്ഷണത്തിനായി കൈ കോർക്കാം..........



## ശലഭം

ശബളാഭമായ ശലഭമേ നിന്നെയെനിക്കേറെയിഷ്ടം
നിന്നുടെ വർണ്ണങ്ങൾ ആകർഷിക്കുന്നിതാ എൻ
നയനങ്ങളെ
സൗരഭ്യമേകുന്ന പൂക്കളിൽ നിന്നും
പൂന്തേൻ നുകരുന്ന വർണ്ണപതങ്കമേ
ആനന്ദപുളകിതമാകുന്നെൻ മനം
പുണരാൻ കൊതിക്കുന്നു സൗന്ദര്യമേ-
നിന്നെ ഞാൻ..

*സീത*



# പാത്തുമ്മയുടെ ആട്

വായനക്കുറിപ്പ്

**വൈ**ക്കം മുഹമ്മദ് ബഷീറിന്റെ പ്രസിദ്ധമായ ഒരു നോവലാണ് പാത്തുമ്മയുടെ ആട്. പ്രകൃതിയെക്കുറിച്ച് ധാരാളമായി പറയുന്ന ഒരു നോവലാണ് പാത്തുമ്മയുടെ ആട്. ഈ നോവലിലെ ഒരു മുഖ്യ കഥാപാത്രമാണ് ആട്. ആടിന്റെ പ്രസവത്തേയും ഭക്ഷ്യത്തേയും കുറിച്ച് ഈ നോവലിൽ വ്യക്തമായി പറയുന്നുണ്ട്. മനുഷ്യ കഥാപാത്രങ്ങളോടൊപ്പം തന്നെ പ്രാധാന്യം കൊടുക്കുകയാണ് ചെയ്യുന്നത്. ചാമ്പ മരങ്ങൾ വെച്ചുപിടിപ്പിക്കാനും മാങ്കോസ്റ്റീൻ മരങ്ങളെ സ്നേഹിക്കാനും, പാമ്പിനും പഴുതാരയ്ക്കും തേളിനും പട്ടിക്കും പൂച്ചക്കും എല്ലാം ഭൂമിയിൽ അവകാശമുണ്ടെന്നും ഈ നോവലിൽ വിളിച്ചു പറയുന്നുണ്ട്. വളരേയധികം പ്രത്യേകതകൾ ഉള്ളതാണ് പാത്തുമ്മയുടെ ആട് എന്ന നോവൽ . ആനുമ്മയുടെ ആട്, പാത്തുമ്മയുടെ ആട് , കാക്കകൾ , കോഴികള് , പരുന്ത് , എറിയാൻ , എലി , പൂച്ച ഇതൊക്കെ മനുഷ്യരുടെ കൂടെ ഒന്നിച്ച് ഒരു വീട്ടിൽ താമസിക്കുന്നു. നോവലിലെ പ്രധാന പ്രശ്നം ദാരിദ്ര്യമാണ്. ബഷീറിന്റെ വീട്ടിലെ എല്ലാ വഴക്കുകളുടേയും കാരണം പണമാണ്. അവിടെ ഇല്ലാത്തതും അതു തന്നെയാണ്. എല്ലാവരും കാശിനു വേണ്ടി ബഷീറിനെ ചൂഷണം ചെയ്യുന്നു. ബഷീറിന്റെ ഉമ്മയും സഹോദരങ്ങളും അവരുടെ ഭാര്യമാരും കുട്ടികളും അടങ്ങുന്ന ഒരു വലിയ കൂട്ടുകുടുംബത്തിലാണ് ഈ

കഥ നടക്കുന്നത്. വീട്ടിലെ ഓരോ കുടുംബാംഗങ്ങളും ഇതിലെ കഥാപാത്രങ്ങളാണ്. ഇങ്ങനെയൊക്കെയാണെങ്കിലും അവർ എല്ലാവരും പരസ്പരം സ്നേഹിക്കുന്നു.

*യാതൊരു സൗകര്യവും ഇല്ലാത്ത ആ വീട്ടിൽ അവർ ഒരുമിച്ച് ജീവിക്കുന്നു....*



# ബാല്യം

**എന്റെ വിത്ത് വേറെവിടെയോ**

**പോയി മറഞ്ഞു.....**

**മരം ഒരു പക്ഷിയെപ്പോലെ....**

**വിത്ത് ഒരു ദേശാടനപക്ഷിയെപ്പോലെ....**

**ഇന്നലെ കണ്ട വിത്തിന്നൊരു**

**മായിച്ചാൽ മാറാത്ത മരമായി....**

**വിത്തിനന്നൊരു ഗുണമുണ്ട്.**

**ഇന്നതോർക്കുമ്പോൾ മധുരമുണ്ട്...**

*ഓർക്കാത്ത മരത്തിന്നു കയ്പ്പുമുണ്ട്...*

*സന്തൂഷ*